പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 968

30-09-2016 ൽ മറുപടിക്ക്

## ജൈവ വൈപ്പിൻ പദ്ധതി

ചോദ്യം

ശ്രീ.എസ്. ശർമ്മ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ വീരൻപുഴ ഡ്രഡ്ജിംഗ് സംബന്ധിച്ച തുടർ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ പ്രകൃതിദത്തമായ ഡ്രെയിനേജ് കനാലുകളുടെ നവീകരണത്തിനായി സ.ഉ(സാധാ) നം. 505/2015/എഡി, തീയതി 13-03-2015 പ്രകാരം 36.9178 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വീരൻ പുഴ ഉൾപ്പെടെ പത്ത് തോടുകളുടെ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ടെണ്ടർ വിളിച്ച് 9-2-2016 ന് എഗ്രിമെന്റ് വെച്ച് ആരംഭിച്ചു. എന്നാൽ വീരൻ പുഴയുടെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി, പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, പ്രവൃത്തികൾ തടഞ്ഞുകൊണ്ട് കടമക്കുടി പഞ്ചായത്ത് സെക്രട്ടറിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പണികൾ ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. പ്രസ്തുത സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് പണികൾ പുനരാരംഭിക്കാനായി അനുമതി തേടിയിട്ടുണ്ട്. |
| ബി) പദ്ധതി അവലോകനം ചെയ്യുന്നതിനായി ബഹു.മന്ത്രി യുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ വിശദമാക്കാമോ ; | (ബി) | പദ്ധതി അവലോകനം ചെയ്യുന്നതിനായി സ്ഥലം എം.എൽ.എ യുടെ ആവശ്യ പ്രകാരം ചേർന്ന അനൗദ്യോഗിക യോഗത്തിൽ ഡ്രെഡ്ജിംഗ് നിർത്തിവച്ചു കൊണ്ടുള്ള സ്റ്റോപ്പ് മെമ്മോ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഡ്രെഡ്ജ് ചെയ്തെടുത്ത മണ്ണ് നീക്കം ചെയ്യുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോടെ ഡംബിംഗ് യാർഡിലേക്ക് താൽക്കാലിക ബണ്ട് നിർമ്മിക്കാനും, ഡംബിംഗ് യാർഡിന്റെ സർവ്വേ മാപ്പ് തയ്യാറാക്കുന്നതിനുമായി അതിര് വ്യക്തമാക്കിക്കൊണ്ടുള്ള ഫെൻസിംഗ് നിർമ്മിക്കുവാനുള്ള നിർദ്ദേശം നൽകി. കൂടാതെ പ്രസ്തുത പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനായി പ്രാദേശിക നിരീക്ഷണ സമിതിയെ നിയമിക്കാനും അതിന്റെ കൺവീനറായി കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. |
| സി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | അനൗദ്യോഗിക യോഗമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ